# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3233 | 24.02.2016 -ൽ മറുപടിക്ക്

## ഫിഷറീസ് മേഖലയെ ശക്തിപ്പെടുത്തൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ. എം.പി.വിൻസെന്റ് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഫിഷറീസ് മേഖലയെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്; | (എ) | ഫിഷറീസ് മേഖലയെ ശക്തിപ്പെടുത്താൻ 2011-12 വർഷം 62 പദ്ധതികളും 2012-13 വർഷം 42 പദ്ധതികളും 2013-14 വർഷം 54 പദ്ധതികളും 2014-15 വർഷം 44 പദ്ധതികളും നടപ്പിലാക്കുകയും 2015-16 വർഷം 34 പദ്ധതികൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശി ക്കുന്നത്; | (ബി) | 1) സംസ്ഥാന തീരദേശ മേഖലയുടെ വികസനം<br>2)മത്സ്യത്തൊഴിലാളികൾക്ക് താമസയോഗ്യമായ വീട്, ശുദ്ധമായ കുടിവെള്ളം, വൈദ്യുതി, ശുചിത്വം, ശൗചാലയം എന്നിവ ലഭ്യമാക്കൽ<br>3) ഭൂരഹിത/ഭവനരഹിത കുടുംബങ്ങൾക്ക് വ്യക്തിഗത ഭവന നിർമ്മാണം സ്ഥലം വാങ്ങി ഫ്ളാറ്റ് നിർമ്മിക്കൽ<br>4)പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ നാടൻ വള്ളങ്ങളും എഞ്ചിനുകളും ഇൻഷ്വർ ചെയ്യുക.<br>5) സാമ്പദ്യ സമാശ്വാസ പദ്ധതിയിലൂടെ പഞ്ഞ മാസത്തിൽ ആഴക്കടൽ/ഉൾനാടൻ മത്സ്യത്തൊഴിലാളികൾ ക്ക് സഹായം നൽകുക.<br>6) മത്സ്യത്തൊഴിലാളികളെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിലൂടെ കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ് മുഖേന ഇൻഷ്വർ ചെയ്യുക.<br>7) പരമ്പരാഗതമത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപാധികൾ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പയ്ക്ക് സബ്സഡി നൽകുക.<br>8) നാടൻ വള്ളങ്ങളുടെ ആധുനികവത്കരണത്തിലൂടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 10 എച്ച്.പി.യ്ക്ക് താഴെയുള്ള ഓട്ട്ബോർഡ് മോട്ടോറുകൾ വാങ്ങുന്നതിന് സബ്സിഡി നൽകുക. |

| | | | |
|---|---|---|---|
| | | | 9)സംസ്ഥാനത്തെ 10 ടെക്നിക്കൽ ഹൈസ്കൂളുകളിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യമായി വിദ്യാഭാസവും ഭക്ഷണവും മറ്റു സൗകര്യങ്ങളും നൽകുക.<br>10) മത്സ്യവും മത്സ്യ ഇതര ഉത്പന്നങ്ങളെ ആരോഗ്യകരവും ശുചിത്വ പൂർണ്ണവുമായ അന്തരീക്ഷത്തിൽ കച്ചവടം നടത്തുന്നതിന് മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുക.<br>11) തീരമൈത്രി പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് വൈവിദ്ധ്യമാർന്ന ജീവനോപാധി രീതികൾ ഉറപ്പു വരുത്തുക.<br>12) മത്സ്യ സമൃദ്ധി പദ്ധതിയിലൂടെ തുറസ്സായ ജലാശയങ്ങളിലും റിസർവോയറുകളിലും കേജ് കൃഷി, അലങ്കാര മത്സ്യങ്ങളുടെയും അക്വോറിയം സസ്യങ്ങളുടെയും ഉത്പാദനം, മുത്തുച്ചിപ്പി കൃഷി, മത്സ്യകർഷക ക്യാമ്പുകളുടെ ശക്തിപ്പെടുത്തൽ. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചി ട്ടുണ്ട്? | (സി) | ഓരോ സാമ്പത്തിക വർഷവും പദ്ധതി ആസൂത്രണം ചെയ്ത് പ്ലാനിംഗ് ബോർഡിന് സമർപ്പിക്കുന്നു. പ്ലാനിംഗ് ബോർഡ് അംഗീകരിച്ച പദ്ധതികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും പുതിയ പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പ്/സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് ഭരണാനുമതി നൽകുകയും ചെയ്യുന്നു. ഭരണാനുമതി നല്കിയ പദ്ധതികൾ ജില്ലാ ഓഫീസർന്മാർ/ ഏജൻസികൾ വഴി നടപ്പിലാക്കുകയും ചെയ്യുന്നു. പദ്ധതി അവലോകനം ഫിഷറീസ് ഡയറക്ടർ തലത്തിലും സെക്രട്ടറി തലത്തിലും വകുപ്പ് മന്ത്രി തലത്തിലും നടത്തുന്നു. |

സെക്ഷൻ ഓഫീസർ